
# ജ്യേനു

# ಜೇನು

# JENU



Photography & Script
**ചിത്രവും എഴുത്തും**

അജി കൊളോണിയ
അജീബ് കൊമാച്ചി
അജീഷ് എം എസ്.
അനിൽ അയ്യൂർ
അനൂപ് കെ.
ഉണ്ണി പുളിക്കൽ എസ്.
ജയ് ശ്രീകുമാർ
ദീപക് ശങ്കരനാരായണൻ
നൗഷാദ് അകമ്പാടം
പ്രകാശ് കള്ളാർ
പ്രഭു പി എം.
പ്രവീൺ കുമാർ
സാജിദ് അബൂബക്കർ
ലാലു ലാവിഷ്
ശബരിനാഥ് സി.
ശ്യാംജിത്ത് പി കെ.
ഷിബി എം. വൈദ്യർ
ഷെബിൻ എം എസ്.
ഷെബീർ തുറയ്ക്കൽ
ഫ്യൂറർ ഹെയ്മൻഡോർഫ്
ബേബിതങ്കപ്പൻ
കിർടാഡ്സ് മ്യൂസിയം റെപ്പോസിറ്ററി
&
ഇന്ദു മേനോൻ

Photo Curation
ഷെബിൻ എം. എസ്.


Design & Layout
ശബരീനാഥ് സി.
പ്രത്യുഷ് ടൈക്കൂൺ

Creative Supervision
ഇന്ദു മേനോൻ

Creative Guidance
ഡോ. കെ. എസ്. പ്രദീപ്കുമാർ

General Direction
ഡോ. പി. പുഗഴേന്തി ഐ.എഫ്. എസ്.





# Personal Memoranda

Name_______________________________________________

Office Address_______________________________________

Residential Address____________________________________

_____________________________________________________

Telephone Off__________ Per____________ Res____________ Fax____________

Mobile____________________________ Email______________________________

Scanned with CamScanner



Scanned with CamScanner

# ജ്വാല




Scanned with CamScanner




## ജ്യേനു ഈ ചിത്ര പുസ്തകം....

ജ്യേനുവെന്നാൽ തേൻ... നറുതേൻ. ജ്യേനുവും നെസറുമൊക്കെയുള്ള കേരളത്തിലെ ഗോത്രവർഗ്ഗസംസ്കാരം വൈവിധ്യവും സൗന്ദര്യവും ഇഴചേർന്ന പ്രകൃത്യാനുഭവത്തിന്റെ നേരടയാളമാണ്.. മനുഷ്യനും പ്രകൃതിയും മണ്ണും ജലവും പ്രാണികളും പറവകളും പൂക്കളും ഒന്നായ് തീരുന്ന സാമൂഹ്യോദാത്തതയാണ് ഈ സംസകാര ത്തിന്റെ വ്യതിരിക്തത. ഈ അസ്പൃശ്യസംസ്കാരത്തിന്റെ അദൃശ്യാത്മാവ് ഉൾക്കൊണ്ടുള്ള ഒരു ചിത്രപുസ്തകമാണിത്. കേരളത്തിന്റെ ഗോത്രചിത്രങ്ങളും അവയുടെ വന്യവും തീവ്രവുമായ ഭാവങ്ങളും അവയെക്കുറിച്ചുള്ള ചെറുകുറിപ്പുകളും ചേർന്നുള്ള ഒരു മ്യൂസിയം കൊലാറ്ററൽ. ഗോത്രജീവിതത്തിന്റെ നാമിതുവരെ കാണാത്ത മാന്ത്രികമുഖമാണ് ഇതിലൂടെ ലോകത്തിനു കാണാനാകുക. ഗോത്രങ്ങളുടെ മികച്ചതും വ്യതിരിക്തമായതുമായ ഫോട്ടോകൾ തിരഞ്ഞെടുത്ത് ഈ ചിത്രപുസ്തകത്തെ വിചിത്രാനുഭവമാക്കുന്നു. നിറങ്ങളും ആഹ്ലാദനിറവുകളും ജീവിതത്തിന്റെ ഗോത്ര മനോഹാരിതയുമാണു ഈ പുസ്തകത്തിന്റെ കാതൽ. ജ്യേനു എന്ന് പേരിട്ടിരിക്കുന്ന ഈ ചിത്ര പുസ്തകം ഗോത്ര സംസ്കാരത്തിന്റെ ഔന്നിത്യത്തെയും മഹത്വത്തെയും ലാളിത്യത്തെയും സങ്കീർണ്ണതകളേയും ആഹ്ലാദക്കണ്ണിലൂടെ കാണുകയാണ്. കണ്ട് രസിച്ച് കാഴ്ചയുടെ വശ്യനിമിഷത്തെനറുന്തേനായി നമുക്ക് നീട്ടുകയാണ് കിർടാഡ്സ് മ്യൂസിയം. ജ്യേനുവിന്റെ അതിമധുരവും ഗോത്രജീവിതക്കാഴ്ചകളുടെ സൗന്ദര്യവും ഗോത്രഭൂമികയുടെ കാടറിവും ഗോത്രോത്സവങ്ങളുടെ ആഘോഷാരവവും ഗോത്ര പൂർവ്വികലോകത്തിന്റെ വിചിത്രതയും പച്ചകുത്തിന്റെ കാട്ടുനിറവും പണശങ്കിലികളുടെ കിലുക്കവും നമുക്കിതിൽ കണ്ടറിയാം തൊട്ടറിയാം കേട്ടുകേട്ടറിയാം. ജ്യേനു എന്നാൽ കാട്ടുനായ്ക്കഭാഷയിൽ പെരുന്തേൻ എന്നർത്ഥം. ജ്യേനു ശേഖരിക്കുന്നവർ എന്ന അർത്ഥത്തിൽ കാട്ടുനായിക്കർക്ക് ജ്യേനുക്കുറുമ്പൻ അഥവാ തേൻ കുറുമ്പൻ എന്ന പേരുമുണ്ട്. തേനിനെപ്പോലെ വിശുദ്ധവും മധുരതരവുമായ ഗോത്രസംസ്കാരത്തിന്റെ തനത് മുദ്രകൾ ഈ പുസ്തകത്തിലെ തേനീച്ചക്കാൽപ്പാടുകളായി തീരുന്നു...





Scanned with CamScanner



# 2020

## January

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | 1 | 2 | 3 | 4 |
| 5 | 6 | 7 | 8 | 9 | 10 | 11 |
| 12 | 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 | 25 |
| 26 | 27 | 28 | 29 | 30 | 31 | |

## February

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | | | 1 |
| 2 | 3 | 4 | 5 | 6 | 7 | 8 |
| 9 | 10 | 11 | 12 | 13 | 14 | 15 |
| 16 | 17 | 18 | 19 | 20 | 21 | 22 |
| 23 | 24 | 25 | 26 | 27 | 28 | 29 |

## March

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 8 | 9 | 10 | 11 | 12 | 13 | 14 |
| 15 | 16 | 17 | 18 | 19 | 20 | 21 |
| 22 | 23 | 24 | 25 | 26 | 27 | 28 |
| 29 | 30 | 31 | | | | |

## April

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | 1 | 2 | 3 | 4 |
| 5 | 6 | 7 | 8 | 9 | 10 | 11 |
| 12 | 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 | 25 |
| 26 | 27 | 28 | 29 | 30 | | |

## May

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| 31 | | | | | 1 | 2 |
| 3 | 4 | 5 | 6 | 7 | 8 | 9 |
| 10 | 11 | 12 | 13 | 14 | 15 | 16 |
| 17 | 18 | 19 | 20 | 21 | 22 | 23 |
| 24 | 25 | 26 | 27 | 28 | 29 | 30 |

## June

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | 29 | 30 | | | | |

## July

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | 1 | 2 | 3 | 4 |
| 5 | 6 | 7 | 8 | 9 | 10 | 11 |
| 12 | 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 | 25 |
| 26 | 27 | 28 | 29 | 30 | 31 | |

## August

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| 30 | 31 | | | | | 1 |
| 2 | 3 | 4 | 5 | 6 | 7 | 8 |
| 9 | 10 | 11 | 12 | 13 | 14 | 15 |
| 16 | 17 | 18 | 19 | 20 | 21 | 22 |
| 23 | 24 | 25 | 26 | 27 | 28 | 29 |

## September

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 |
| 6 | 7 | 8 | 9 | 10 | 11 | 12 |
| 13 | 14 | 15 | 16 | 17 | 18 | 19 |
| 20 | 21 | 22 | 23 | 24 | 25 | 26 |
| 27 | 28 | 29 | 30 | | | |

## October

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | 1 | 2 | 3 |
| 4 | 5 | 6 | 7 | 8 | 9 | 10 |
| 11 | 12 | 13 | 14 | 15 | 16 | 17 |
| 18 | 19 | 20 | 21 | 22 | 23 | 24 |
| 25 | 26 | 27 | 28 | 29 | 30 | 31 |


## November

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 8 | 9 | 10 | 11 | 12 | 13 | 14 |
| 15 | 16 | 17 | 18 | 19 | 20 | 21 |
| 22 | 23 | 24 | 25 | 26 | 27 | 28 |
| 29 | 30 | | | | | |

## December

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 |
| 6 | 7 | 8 | 9 | 10 | 11 | 12 |
| 13 | 14 | 15 | 16 | 17 | 18 | 19 |
| 20 | 21 | 22 | 23 | 24 | 25 | 26 |
| 27 | 28 | 29 | 30 | 31 | | |

Scanned with CamScanner



# 2021

## January

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| 31 | | | | | 1 | 2 |
| 3 | 4 | 5 | 6 | 7 | 8 | 9 |
| 10 | 11 | 12 | 13 | 14 | 15 | 16 |
| 17 | 18 | 19 | 20 | 21 | 22 | 23 |
| 24 | 25 | 26 | 27 | 28 | 29 | 30 |

## February

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | | | | | | |

## March

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | 29 | 30 | 31 | | | |

## April

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | 1 | 2 | 3 |
| 4 | 5 | 6 | 7 | 8 | 9 | 10 |
| 11 | 12 | 13 | 14 | 15 | 16 | 17 |
| 18 | 19 | 20 | 21 | 22 | 23 | 24 |
| 25 | 26 | 27 | 28 | 29 | 30 | |

## May

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| 30 | 31 | | | | | 1 |
| 2 | 3 | 4 | 5 | 6 | 7 | 8 |
| 9 | 10 | 11 | 12 | 13 | 14 | 15 |
| 16 | 17 | 18 | 19 | 20 | 21 | 22 |
| 23 | 24 | 25 | 26 | 27 | 28 | 29 |

## June

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 |
| 6 | 7 | 8 | 9 | 10 | 11 | 12 |
| 13 | 14 | 15 | 16 | 17 | 18 | 19 |
| 20 | 21 | 22 | 23 | 24 | 25 | 26 |
| 27 | 28 | 29 | 30 | | | |

## July

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | 1 | 2 | 3 |
| 4 | 5 | 6 | 7 | 8 | 9 | 10 |
| 11 | 12 | 13 | 14 | 15 | 16 | 17 |
| 18 | 19 | 20 | 21 | 22 | 23 | 24 |
| 25 | 26 | 27 | 28 | 29 | 30 | 31 |

## August

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 8 | 9 | 10 | 11 | 12 | 13 | 14 |
| 15 | 16 | 17 | 18 | 19 | 20 | 21 |
| 22 | 23 | 24 | 25 | 26 | 27 | 28 |
| 29 | 30 | 31 | | | | |

## September

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | 1 | 2 | 3 | 4 |
| 5 | 6 | 7 | 8 | 9 | 10 | 11 |
| 12 | 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 | 25 |
| 26 | 27 | 28 | 29 | 30 | | |

## October

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| 31 | | | | | 1 | 2 |
| 3 | 4 | 5 | 6 | 7 | 8 | 9 |
| 10 | 11 | 12 | 13 | 14 | 15 | 16 |
| 17 | 18 | 19 | 20 | 21 | 22 | 23 |
| 24 | 25 | 26 | 27 | 28 | 29 | 30 |

## November

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | 29 | 30 | | | | |

## December

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | 1 | 2 | 3 | 4 |
| 5 | 6 | 7 | 8 | 9 | 10 | 11 |
| 12 | 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 | 25 |
| 26 | 27 | 28 | 29 | 30 | 31 | |

Scanned with CamScanner



Scanned with CamScanner




Scanned with CamScanner




എടയ്ക്കൽ ഗുഹ


പലപുലിതാൻ അന്തകാരിയായൊരു
മുള്ളുക്കുറുമ വീരന്റെ ഇടം
ഒപ്പം കോറിയിട്ട ജീവിത ചിത്രങ്ങളും.

Scanned with CamScanner

കിർടാഡ്സ് മ്യൂസിയം

Date:......../......../..............






Scanned with CamScanner




Scanned with CamScanner





മന്നാന്റെ തനത് ലേഞ്ചും കെട്ടി
ആയിരംചൊപ്പ് വാരികുടിയാനവനും
വലിയോനും  കൂരയുടെ മിടയ്ക്ക് മുമ്പിൽ.


Scanned with CamScanner



മുള്ളുക്കുറുമന്റെ പരമ്പരാഗത ചുമർ ചിത്രമായ കുറികുത്തൽ
1970 കളിലെ കുടിച്ചുമർ ചിത്രങ്ങളിൽ നിന്നും കണ്ടെടുത്ത ഒരാനച്ചിത്രം.

മാതൃഭൂമി ആഴ്ച്ചപതിപ്പിലെ ഒരു ലേഖനത്തിനുവേണ്ടി ബേബിതങ്കപ്പൻ
എന്ന ഫോട്ടോഗ്രാഫറാണ് ഈ ആനചിത്രമുള്ള കുടിയുടെ ഫോട്ടോ
എടുത്തത്.

Scanned with CamScanner








കേരളത്തിൽ ഏറ്റവും അധികം ജനസംഖ്യയുള്ള ഗോത്രവിഭാഗം. പ്രകൃതിയുടെ സൗന്ദര്യവും വർണ്ണവും ഉടലിൽ ആവാഹിക്കുന്നവരാണ് പണിയ ജനത. ഇത്രയും മനോഹരമായ തനത് ആഭരണ വസ്ത്ര രീതികൾ മറ്റൊരു ഗോത്രത്തിലും കാണാനാവുകയില്ല. മുടെച്ചുളു എന്ന അപൂർവ്വമായ ആഭരണം കഴുത്തിലണിഞ്ഞത് നോക്കൂ. ഒപ്പം കേശാലങ്കാരത്തിന്റെയും കേശാഭരണമായ വെള്ളിച്ചങ്ങലയുടെയും തനത് ഭംഗി സ്ഫുരിക്കുന്നു.



Scanned with CamScanner












പാറ്റ മൂക്കുത്തിയുടെ ദ്രുതചലനത്തിൽ, പാറ്റച്ചിറകടി കാണുന്നെന്നാണ് പണിയവിശ്വാസം. ഒപ്പം മഴവിൽ നിറമേകാൻ കല്ലയും മാലയും കഴുത്തിലൊരു നീലയിൽ തിളങ്ങുന്നു.

കൈതോല വാട്ടിയുണക്കിയുണ്ടാക്കുന്ന സുന്ദരമായ വട്ടക്കമ്മൽ. ഓലയണിയുന്നത് അഭിമാനകരമത്രെ. തനത് പണിയ മുടിവെട്ടിൽ കാറ്റിളക്കുന്ന വെള്ളിമുടികൾ.

തുടിയുടെ കൊട്ടിൽ കമ്പളക്കളിച്ചുവടുണരുന്നു. പണിയരുടെ അമ്മദൈവമായ ബെള്ളൂർക്കാവ് ദേവിയുടെ ഉത്സവത്തിനു ചോന്ന അറാട്ടിയുടുത്ത പണിയ അമ്മമാരുടെ നേർച്ചനൃത്തം.

ഇടിവെട്ടിയ്ക്ക് കൊടുക്കുന്ന ചടങ്ങിൽ ചെമ്മിയും ചോപ്പുടുത്ത കോയ്മയും അരിപ്പൊടിയും ചാരായവും ബെല്ലവും ചേർത്ത ഒരുണ്ട കാണിക്കയായ് നൽകുന്നു. ആകാശദേവകളും സൂര്യചന്ദ്രന്മാരും കാറ്റും മഴയുമിടിയും അഹ്ലാദാനുഗ്രഹം അദൃശ്യമായ് ചൊരിയുന്നു.

Scanned with CamScanner




# Kurichiyan

വയനാട്ടിലും കണ്ണൂരിലും അധിവസിക്കുന്ന പരമ്പരാഗത ഗോത്രവിഭാഗം. അന്യസമുദായങ്ങളുമായി അകലം സൂക്ഷിക്കുന്ന ഇവർ വസ്ത്രത്തിലും പാരമ്പര്യത്തിലും പഴയ രീതികൾ തുടരുന്നവരാണ്.

"ബെറ്റല യെറിക്കി തിന്നാ" കൊച്ച് എർളിൽ ഇട്ട് വെറ്റിലചതച്ച് തിന്നുന്ന കുറിച്ച്യദമ്പതികൾ.

Scanned with CamScanner










കുറിച്ച്യനെന്നാൽ കുറിച്ച് നായാട്ടു നടത്തുന്നവൻ, കുറിക്ക് കൊള്ളുന്ന അമ്പെയ്ത്ത് വീരൻ എന്നെല്ലാം നാട്ടുപദനിഷ്പത്തി. കത്തിയമ്പിൽ കുലയ്ക്കുന്ന ഗോത്രവീര്യം, അരയിൽ ഉറുക്കുന്നൂൽ ഒപ്പം മൂർച്ചയേറും കുറിച്ച്യക്കത്തി പരമ്പരാഗത വേട്ടവേഷത്തിൽ കുറിച്ച്യ പൂപ്പൻ കേളു.

യേൽക്കൊടെ ചൂടി ഞാറു നടുന്ന വെള്ളനാട്ടിയുടെ ഇടമാസക്കാലം. കാർഷികവൃത്തിയിലേർപ്പെട്ട കുറിച്ച്യസ്ത്രീകൾ.

പുള്ളിനേയും പക്ഷിയേയും എയ്യാൻ മൊട്ടമ്പുമായ് നിൽക്കുന്ന കുറിച്ച്യബാലൻ. കുറിയേറ്റ് എന്ന ആദ്യനായാട്ട് കഴിയുന്നതോടെ ആൺകുട്ടികളും അമ്പും വില്ലുമായ് കാട്ടിൽ കുടുംബക്കാർക്കൊപ്പം വേട്ടയ്ക്ക് പോകുന്നു.

നീലനിറ മേക്കട്ടിൽ ഔവ്വ മുത്താച്ചി.


Scanned with CamScanner




# Mavilan

കൊറത്തിതെയ്യം പുനംകൃഷിദേവത.
കൃഷിസംരക്ഷിക്കുന്ന, വിളവ് പൊലിപ്പിക്കുന്ന, കൃഷിയുടെ
കാവലാൾ. പുനത്തിൽ അനുവാദമില്ലാതെ കയറുന്നവരെ
ഈ ദൈവം കുരുടിയാക്കുമത്രെ.

Scanned with CamScanner









കുണ്ടച്ചൻ കെട്ടൽ എന്ന പാരമ്പര്യ മാവിലവസ്ത്രരീതിയുടെ ലാളിത്യവും തനത് ആഭരണങ്ങളും.

കല്ലുരുട്ടി തെയ്യത്തിന്റെ മുഖച്ചമയമായ കരിയിൽ പുള്ളികുത്തുന്ന തെയ്യക്കാരൻ. 16 കോട്ടയുടെ അകത്ത് മദ്യത്തോടൊപ്പം തടവിലടയ്ക്കപ്പെട്ട സഹോദരിയായ പഞ്ചുരുളി തെയ്യത്തെ രക്ഷപ്പെടുത്തുന്നവളാണ് കല്ലുരുട്ടി.


പത്താമുദയ ദിവസം നടത്തുന്ന ഒരു കാർഷികാചാരമാണ് എരുത് കളി. മുളയും പുല്ലും കൊണ്ടു കെട്ടിയ വലിയ കാളരൂപം സർവ്വൈശ്വര്യം വരാനായി ജന്മിമാരുടെ വീടുകൾ കയറി പാട്ടുപാടി നൃത്തം ചെയ്യുന്നു. കാലിയനും മരമൂടനുമാണ് പ്രധാന കഥാപാത്രങ്ങൾ. മരംകൊണ്ടുള്ള മുഖംമൂടിയിട്ടാണിവരുടെ നടപ്പ്.

ഉറുക്കിട്ടരി എന്നു വിളിക്കുന്ന ഉറുമ്പുമുട്ടയും ഉറുമ്പും മാവില സമുദായത്തിന്റെ പ്രിയങ്കരമായ ഭക്ഷണമാണ്. ഉറുമ്പിനെയും അതിന്റെ മുട്ടയേയും ശേഖരിക്കുന്ന സമുദായാംഗങ്ങൾ.

Scanned with CamScanner

# Adiyan

ഗദ്ദികയെന്ന ഷാമനികമായ
അനുഷ്ഠാനത്തിലെ ഒരു രംഗം.
മാരിനീക്കാനായി ഉടലിൽ  അല്ലി റബ്ബമാരിയെ
ഉടലിൽ ആവാഹിച്ചിരിക്കുന്നു.





Scanned with CamScanner







മാരി നീക്കൽ എന്നുമറിയപ്പെടുന്ന ഗദ്ദിക, രോഗം മാറ്റാനും ദുരിതങ്ങൾ ശമിപ്പിക്കാനും പ്രേതബാധ ഇല്ലാതെയാക്കുന്നതിനുമെല്ലാമായാണ് നടത്തുന്നത്. പുരുഷന്മാരാണു ഗദ്ദിക കളിക്കുക.
മുഖ്യകാർമ്മികനായ തമ്മാടി ശിവസ്തുതിയോടെ ഗദ്ദിക ആരംഭിക്കുകയും ഉടലിൽ പൂർവ്വികനേയും ദൈവങ്ങളേയും ആവാഹിക്കുകയും ന്യായം പറയാനായ് കൊണ്ട് വരികയും ചെയ്യുന്നു . സ്ത്രീവേഷധാരികളായ മറ്റു ഗദ്ദികക്കാർ, വട്ടത്തിൽ മാരീരൂപിണികളായ് ചുവടുകൾ വെക്കുന്നു. നാട്ടൈശ്വര്യത്തിനായ് നടത്തുന്ന നാടു ഗദ്ദികയാണിത്.

മരിച്ച് പോയവ്യക്തിയുടെ പ്രേതാത്മാവായ് മാറിയ കനലാടി പുതപ്പിനുള്ളിലിരുന്ന്, ചിലങ്കമണിയിട്ട മുറം കിലുക്കിക്കൊണ്ട്, ബന്ധുക്കാരോട് സംസാരിക്കുന്നു. തുടികൊട്ടിക്കൊണ്ട് സമീപത്ത് കരിമിയുണ്ട്. ആത്മാവ് വന്ന് തപ്പുപറയുന്ന ഈ ചാവടിയന്തരം കൂട്ട എന്നറിയപ്പെടുന്നു.

തെളിനീരൊഴുക്കിൽ കുരുക്കിട്ടൊരു ഞണ്ടിനെ പിടിക്കുന്ന അടിയാത്തി സ്ത്രീ. വലതു തോളിൽ ചിണ്ടക്കെട്ടിയ പരമ്പരാഗത വസ്ത്രമായ ചേലയാണു വേഷം.




ബെള്ളൂർക്കാവ് ഉത്സവം. മീനം ഒന്നിനാരംഭിക്കുന്ന ഈ ഉത്സവത്തിൽ അടിയർക്ക് മാത്രമല്ല പണിയ, കുറിച്ച്യ, കുറുമ, കാട്ടുനായ്ക്ക സമുദായങ്ങൾക്കെല്ലാം അവകാശങ്ങളുണ്ട്. വല്ലിപ്പണിയെന്നറിയപ്പെടുന്ന അടിമപ്പണി ചെയ്യുവാനായ് അടിയ സമുദായക്കാരെ ജന്മിമാർ വാങ്ങുകയും വിൽക്കുകയും ചെയ്തിരുന്നത് ഈ ഉത്സവത്തിനാണ്.


Scanned with CamScanner




Scanned with CamScanner









മഴവെള്ളം പൊങ്ങിയാൽ പാണപ്പുഴയ്ക്ക ക്കരെപ്പോകാൻ മുളംചങ്ങാടം തന്നെ വേണം. ചങ്ങാടയാത്രയുടെ ആഹ്ളാദത്തിമിർപ്പിൽ കുട്ടികൾ.


മക്കിബെറിയ് അളയ്ക്കുമുമ്പിൽ ഒരു ഗോത്രകുടുംബം.

കാട്ടിൽ നിന്നും നാട്ടിലേക്ക്. വനവിഭവങ്ങളായ കുന്തിരിക്കവും കാട്ടുകുരുമുളകും മറ്റുമെല്ലാം കെട്ടയിൽ ശേഖരിച്ച് പുറത്തേക്ക് വരുന്ന ചോലനായ്ക്ക യുവാക്കൾ.

മുളചീന്തി മെടഞ്ഞെടുക്കുന്ന കെറ്റ. വനവിഭവശേഖരണക്കൊട്ടയുടെ നിർമ്മിതിയിൽ ഏർപ്പെട്ടിരിക്കുന്ന ചോലനായ്ക്ക സ്ത്രീ.

Scanned with CamScanner

# Mullukuruman



ഊരാളിക്കലമേന്തിയ കുറുമാട്ടി.
പരമ്പരാഗത വസ്ത്രമായ മേക്കട്ടി
ധരിച്ച മുള്ളുക്കുറുമ വനിത.

Scanned with CamScanner









കഴുത്തിൽ മീങ്കൂട, കയ്യിൽ കോർത്ത. തനത് മീൻപിടിത്തത്തിനായി ഉപയോഗിക്കുന്ന ഉപകരണമാണ് കോർത്ത. കല്യാണത്തിന് മളമാട്ടി മീങ്കോരലും മരിപ്പ് ചടങ്ങായ കൂട്ടത്തിൽ കൂട്ട് അമ്മയ്ക്ക് കോർത്തയിൽ പിടിച്ച മീനിന്റെ തലക്കറിയും നിർബന്ധമാണ്.

പാക്കത്തെയ്യമുറയുമ്പോൾ. കുറികുത്തിയ മട്പ്പെര മുറ്റത്ത് പാക്കത്തെയ്യത്തെ ഉടലിൽ ആവാഹിച്ച് വാളെടുത്ത് ഉറഞ്ഞ് കോന്തല പറയുന്ന ദൈവം കാണൽ ചടങ്ങ്.

മുത്ത്ശ്ശമ്മടെ മുറ്റത്തുനിന്നൊരു മക്കൾ മടിപ്പ്. ഉച്ചാലിനു മട്പ്പെരയുടെ മുമ്പിൽ വെച്ച് ചവിട്ടുകളി കളിയ്ക്കുന്ന പുരുഷന്മാർ. തപ്പ കൊട്ടിയുള്ള തപ്പക്കളിയിലും കോൽക്കളിയിലും ഇവർ ബഹുമിടുക്കരാണ്.

തിരുമോം കുടിയിലെ പോർനമുത്തനായിരുന്ന പിട്ടൻ മൂപ്പൻ തന്റെ ദൈവപ്പെരയ്ക്ക് മുമ്പിൽ.

Scanned with CamScanner




# Vetta Kuruman




തികത്തെയുടെയും ത്യോൺ കെട്ട്ണിന്റെയും തനത് വസ്ത്ര ഭംഗിയിൽ നങ്കളക്കൻമാരായ വെട്ടക്കുറുമ സ്ത്രീകൾ.

Scanned with CamScanner










പജ്ജെ കുത്ത്നു. മരണശേഷം നാട്കീരെ എന്ന ശ്മശാനലോകത്തേയ്ക്ക് പ്രവേശിയ്ക്കാൻ ഉടലിൽ പച്ചകുത്താതെ എങ്ങനെ? സൂര്യനും ചന്ദ്രനും ജ്യാമിതീയ അടയാളങ്ങളുമായ് നമ്മുടെ ആത്മാവ് ശ്മശാനതലവനായ മേഗാളൻ, അജ്ജൻ നാട്കീരെയെ കാണുന്നു. പജ്ജെ ഇല്ലാതെ അനന്തകാലത്തോളം ദുരാത്മാവായ മുട്ടിറായ് അലയാൻ ആർക്ക് കഴിയും?


മദിച്ച് മദിച്ച് ഉച്ചാറിനൊരു ഉദ്രാട്ടാ. മുള്ളുക്കുറുമരുടെ കാർഷികവിളവെടുപ്പിന്റെ പങ്കു പറ്റാൻ സാധിച്ചതിന്റെ ആഹ്ളാദാരവം. വെട്ടക്കുറുമ പുരുഷന്മാരുടെ  ഉച്ചാർനൃത്തം.



കളാളൂതുന്ന മേഗാളനും ദവ്ല് കൊട്ടുന്ന നഗമൻചനും. ദവ്ലാട്ടയ്ക്കായി കാട്ടുപുല്ലാങ്കുഴലിന്റെ വന്യസംഗീതം.

കേരളത്തിലെ ഒരേ ഒരു ആർട്ടിസാൻ ഗോത്ര മാണ് വെട്ടക്കുറുമൻ. കലതട്ടുവാഗേ എന്ന കലനിർമ്മാണം സ്ത്രീകളാണു ചെയ്യുക.

Scanned with CamScanner





നാല് മന്നാൻ ഒൻപത് കാണിച്ചട്ടം/
പത്ത് ഒളന്താരി നിയമം ഇതിനെല്ലാം
അധിപതി മന്നാന്റെ രാജാവ് കോവിൽ
മലൈ രാജമന്നാൻ രാജവേഷത്തിൽ.

Scanned with CamScanner









ഇളം ചൂടിൽ ഉറച്ച് വരുന്ന വന്യതാളം.
മൊത്താളം എന്ന ചർമ്മവാദ്യോപകരണം
ചൂടാക്കുന്ന മന്നാൻ മൊത്താളക്കാരൻ.

കുലപൂർവ്വികർക്കും ആത്മാക്കൾക്കും
കഞ്ഞിവെയ്പ്പ്. കാലാവൂട്ട് ചടങ്ങിൽ ആത്മാക്കൾ
വിശപ്പുതീർക്കാൻ വരുന്നതിന്റെ മാന്ത്രിക.
നിമിഷം.

കണ്ണകിയും കോവിലനുമായി മാറുന്ന മന്നാൻ
കൂത്തിന്റെ മായികത. കൂത്താടികൾക്കിടയിൽ
കന്നിയാട്ടം ചെയ്യുന്ന പാട്ടി.

പുഞ്ചിരി പൂക്കുന്നു. മന്നാൻ യുവതി.

Scanned with CamScanner





Scanned with CamScanner









പ്രത്യേക ദുർബല ഗോത്രസമുദായമാണ് കൊച്ചിയിലെ കാടർ എന്ന് അറിയപ്പെടുന്ന ഈ സമുദായം. വനവിഭവശേഖരണവും വേട്ടയാടലുമാണ് മുഖ്യജീവനോപാധികൾ.

പരമ്പരാഗത വസ്ത്രരീതിയും ആഭരണങ്ങളും തുടരുന്ന ഈ സമുദായത്തിൽ പച്ചകുത്തും പല്ലുക്കൊത്തും സ്വാഭാവികമാണ്.

പുഴയിലൂടൊരു ചങ്ങാടയാത്ര. പരമ്പരാഗത മുളഞ്ചങ്ങാടമൊരുക്കുവാനും അതുപയോഗിച്ച് ജലയാത്ര ചെയ്യുവാനും കാടർ സമുദായാംഗങ്ങൾക്ക് വൈദഗ്ധ്യമുണ്ട്.

ബെറിബില്ല് കുലയ്ക്കുമ്പോൾ; പക്ഷികളെ വേട്ടയാടിപ്പിടിക്കുവാൻ ബെറിബില്ല് എന്നൊരു പ്രത്യേക വില്ലാണ് കാടർ ഉപയോഗിക്കുന്നത്.

മുടിച്ചുരുളുകൾ അഴിയുമ്പോൾ. ഒരു കാടർ ബാലിക.


Scanned with CamScanner



# Muthuvan

ഉറിയം പട്ടിയിലെ  മുതുവാൻ ഗോത്രസമുദായംഗം നഗേലപ്പന്റെ മനോഹരമായ ആഭരണം. ഇടുക്കി ഗോത്രമേഖലയിലെ മുതുവാൻ പുരുഷന്മാർ കയ്യിലും കാതിലും കാലിലുമൊക്കെ ലോഹ ആഭരണങ്ങൾ ധരിക്കുക പതിവാണ് .
പ്രായപൂർത്തിയായ പുരുഷന്മാർ മുടിവളർത്തി ഉറുമാൽ എന്ന തലപ്പാവ് കെട്ടുന്നു.

Scanned with CamScanner









റാഗി എന്നും കുടികളിൽ പ്രിയ വിഭവമാണ്. അടിച്ച് റാഗിയെ വേർപെടുത്തുകയാണ് സ്ത്രീകൾ. ഒരുതരം റാഗി മെതി.

റാഗി ചേറുന്ന സ്ത്രീ.

അമ്മയുടെ കങ്കാരുക്കുഞ്ഞ്. മുതുവാൻ സ്ത്രീകൾ കുട്ടികളെ തങ്ങളുടെ പുറകിലെ സഞ്ചിയിലാണ്  തൂക്കിയിടുന്നത്. ജോലി ചെയ്യുമ്പോഴും വെള്ളം കൊണ്ട് വരുമ്പോഴും വെറുതെ ഇരിക്കുമ്പോഴുമൊക്കെ കുഞ്ഞ് സുരക്ഷിതമായ് അമ്മയ്ക്കൊപ്പം.


അരിവാൾ കൊണ്ടൊരു പാക്ക് വെട്ട്. ഉറുമാൽ കെട്ടിയ മുതുവാൻ.

Scanned with CamScanner





ഇടുക്കി ഗോത്രമേഖലയിലാണു മലപ്പുലയർ താമസിക്കുന്നത്. കരവഴിപ്പുലയ, കുറുമ്പപ്പുലയ എന്നിങ്ങനെ രണ്ട് ഉപവിഭാഗങ്ങളുണ്ട് ഇവർക്കിടയിൽ. പരമ്പരാഗത ആഭരണവും വസ്ത്രവും  ധരിച്ച മലപ്പുലയ അമ്മ.

Scanned with CamScanner







കാനനചരായയിൽ ആടുമേയ്ക്കാൻ
കാട്ടിനകത്തേയ്ക്ക് ആട്ടിൻപറ്റങ്ങളുമായ്
പോകുന്ന മലപ്പുലയസമുദായാംഗം,
കുമാരൻ.

കുറുമ്പപ്പുലയ ദമ്പതികൾ.

അരിവാളും വടിയുമായ് ആട്
മേയ്ക്കുവാൻ പോകുന്ന യുവതി,
അളകമ്മ.






Scanned with CamScanner








ഗോത്രപച്ചകുത്തിന്റെ രഹസ്യാത്ഭുത ചിഹ്നങ്ങൾ. നെറ്റിയിൽ സൂര്യൻ, ചന്ദ്രൻ, ഉലക്ക, കുത്തുകൾ എന്നിവ കുറുമ്പ സ്ത്രീയെ അഴകാൾ ആക്കുന്നു.

മുളവീടും പെൺകുട്ടിയും. കുറുമ്പഗോത്രഗൃഹത്തിന് മുമ്പിൽ തനത് വേഷത്തിൽ ഒരു കുറുമ്പപെൺകുട്ടി.

അട്ടപ്പാടിയുടെ ഹരിതഭംഗിയിൽ ഒരു കുറുമ്പ സുന്ദരി.


Scanned with CamScanner




Scanned with CamScanner







ഊരാളിക്കൂത്തിൽ കയ്മെയ്മറന്ന് നൃത്തമാടുന്ന യുവതികൾ.


മുടക്ക് വീളിയും പൂക്കളും മാറാടിയെന്ന വസ്ത്രവും ധരിച്ച് ഊരാളി വനിത.

പൂമാലിതേവകി. ഊരാളിക്കൂത്തിന്റെയും കല്ലുക്കൻപാട്ടിന്റെയും മുത്തശ്ശി.



Scanned with CamScanner

# Wayanad Kadar




തീക്കനലാടി കാടരുടെ ഉഗ്രരൂപിദൈവം ചാന്താടിക്കരിയാത്തൻ. ചാന്താടിക്കരിയാത്തൻ തിറയ്ക്ക് കൈപിടിയ്ക്കുന്ന വയനാടൻ കാടർ സമുദായാംഗങ്ങൾ.

Scanned with CamScanner



തുലാം പത്തിനു നടക്കുന്ന കതിര് കേറ്റൽ ചടങ്ങിൽ കാടരെ കാണാനെത്തിയ് ദൈവം ഉറയുന്നു.

കരിയാത്തനറിഞ്ഞാടാൻ ചാന്ത്. അരിയും കരിയും ശർക്കരയും കൊണ്ട് ചാന്തുണ്ടാക്കുന്നു.



പ്രായമെത്തിയിട്ടും കാലനെത്താത്ത ആളുകളുടെ മരണം എളുപ്പമാക്കാനുള്ള ചടങ്ങ്. കുളിയനോട് പ്രശ്നമറിയിക്കുന്ന കാടന്മാർ കുളിയൻ തന്നെയാണോ എന്ന് പരിശോധിക്കുന്നു.

കുരുത്തോലയും മുടിയും അലങ്കാരമാകുന്നതിന് മുന്നേ ഭഗവതി തിറയെ നയിക്കുന്നു. മലയന്മാരും മുന്നൂറ്റന്മാരുമാണ് ദൈവത്തിറകെട്ടുന്നത്.







Scanned with CamScanner

# Irular






കൂരെയ്ക്കുമുമ്പിൽ ശേലെ കെട്ടിയ പെണ്ണുങ്ങൾ. അട്ടപ്പാടിയിലെ പ്രബല ഗോത്രസമുദായമായ ഇരുളവിഭാഗത്തിലെ സ്ത്രീകൾ. വിവാഹിതകൾ മഞ്ഞച്ചരട് ധരിച്ചിരിക്കുന്നു.

Scanned with CamScanner








പരമ്പരാഗത ഊരിന്റെ ഒരു പഴയ ഫയൽചിത്രം.

പീക്കിയൂത്തിന്റെ മനോഹര ശബ്ദം. ഈ കുഴൽ വിളിയുടെ താളത്തിലാണ് സ്ത്രീകളും പുരുഷന്മാരും ചേർന്ന് ഇരുളനൃത്തം ചെയ്യുന്നത്.

പൂമാരി ദേവിയേ കാത്തോളണേ. വീരക്കല്ലുകളെ ഗോത്രദൈവമായ് കരുതുന്നവരാണു ഇരുളർ. നക്കുപതിയൂരിലെ തോതിമൂപ്പൻ വീരക്കല്ലുകൾക്കൊപ്പം.


Scanned with CamScanner



# Kattunayakan

പ്രത്യേകദുർബല ഗോത്രവിഭാഗമായ കാട്ടുനായ്ക്കർ. തേൻ ശേഖരണത്തിൽ വിദഗ്ധരായതിനാൽ തേൻ കുറുമ്പൻ /ജേനു കുറുമ്പൻ എന്ന് അറിയപ്പെടുന്നു. മുളയുപയോഗിച്ചുള്ള കുട്ട, വട്ടി നെയ്ത്തിലും ഇവർക്ക് പ്രത്യേക വൈദഗ്ധ്യം ഉണ്ട്.

Scanned with CamScanner







പെണ്ണുങ്ങളിൽ സുന്ദരി. കണിമഞ്ഞ ചൂടി
കൊടാങ്കി. കെമ്പിയൂട്ട് എന്ന
കോൽക്കളിയിൽ നിന്നൊരു ദൃശ്യം.


വനതയ്ക്കൊപ്പം ഇത്തിരി മധുരം
നുണയുന്ന ഹെന്‍ച്ചി.

കാട്ടുനായ്ക്ക സ്ത്രീകൾ മുളയരി
ശേഖരിക്കുന്നു. ഇത് ആരോഗ്യകരവും
രുചിപ്രദവുമായ ആഹാരമാണ്.

ഞാറ്റി നടല്; ഞാറു നടുന്ന
തെക്കുപുറത്തികൾ.








പണിയ ചാച്ചിമാർ കടുക്കന്റെയും
മൂക്കുപൊട്ടിയുടെയും സൗന്ദര്യത്തിൽ

Scanned with CamScanner



ക്രിസ്റ്റഫർ വോൺ ഫ്യുറർ ഹെയ്മൻഡോർഫ് എന്ന ആസ്ട്രേലിയൻ എത്നോളജിസ്റ്റ്
സ്കൂൾ ഓഫ് ഓറിയന്റൽ & ആഫ്രിക്കൻ സ്റ്റഡീസിലെ അധ്യാപകനായിരുന്നു.
1948 ൽ വയനാട്ടിൽ വന്ന് ഫോട്ടോകൾ എടുത്തു. കുറുമരുടെ ചുമർചിത്രത്തിലെ
ഈ നരിയെ ഫോട്ടോയിൽ നിന്നാണ് പകർത്തിയത്.

Government of Kerala

Kerala Institute for Research Training and Development
Studies of Scheduled Castes and Scheduled Tribes(KIRTADS)
**KIRTADS MUSEUM**
Email:museum.kirtads@gmail.com

Scanned with CamScanner